⇨ *കരിനിയമങ്ങൾ ഉപയോഗിച്ചാണ് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യങ്ങൾ നിഷേധിക്കുന്നത്* ⇨

**അറുപത്തിയഞ്ച്** കൊല്ലം മുമ്പ് നിലവിൽ വന്ന നമ്മുടെ ജനാധിപത്യ വ്യവസ്ഥ അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വെല്ലുവിളി നേരിടുകയാണ്. ജീവിക്കാനുള്ള അവകാശം ഉൾപ്പെടെയുള്ള മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ട അടിയന്തരാവസ്ഥക്കാലം നമ്മുടെ ഓർമ്മയിൽ ഇപ്പോഴുമുണ്ട്. ഒരർത്ഥത്തിൽ അന്നത്തേക്കാളും ഭീകരമാണ് ഇന്നത്തെ അവസ്ഥ. കാരണം അതൊരു പ്രഖ്യാപിത അടിയന്തരാവസ്ഥ ആയിരുന്നു. ഇപ്പോഴാകട്ടെ പ്രഖ്യാപനം കൂടാതെ സ്വാതന്ത്ര്യങ്ങൾ നിഷേധിക്കപ്പെടുന്നു. ഇസ്ലാമിക തീവ്രവാദം, മാവോയിസ്റ്റ് അക്രമം തുടങ്ങിയവയുടെ പേരിൽ പാസാക്കി നടപ്പാക്കിക്കൊണ്ടിരിക്കുന്ന അൺലാഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (യു.എ.പി.എ) പോലുള്ള കരിനിയമങ്ങൾ ഉപയോഗിച്ചാണ് ഭരണകൂടങ്ങൾ ഭരണഘടന നൽകുന്ന സ്വാതന്ത്ര്യങ്ങൾ നിഷേധിക്കുന്നത്.

# ജനങ്ങൾ ഭരണഘടനയുടെ സൂക്ഷിപ്പുകാർ കൂടിയാണ്

സർക്കാരിനെയൊ, പാർലമെന്റിനെയൊ സുപ്രീം കോടതിയെയൊ അല്ല ഭരണഘടനാ നിർമ്മാണ സഭ നമ്മുടെ ഭരണഘടന ഏൽപ്പിച്ചത്. നാം ജനങ്ങൾ ഭരണഘടന നമുക്കു തന്നെ നൽകുന്നു എന്നാണ് ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത്. അതായത് ജനങ്ങൾ ഭരണഘടനയുടെ സ്രഷ്ടാക്കൾ മാത്രമല്ല, സൂക്ഷിപ്പുകാർ കൂടിയാണ്.

**ബി.ആർ.പി. ഭാസ്കർ**

യു.എ.പി.എയുടെ മുൻരൂപങ്ങളായ പോട്ടയും ടാഡയും ഉപയോഗിച്ച് എടുത്ത കേസുകളിൽ ഒരു ചെറിയ ശതമാനത്തിൽ മാത്രമാണ് അന്വേഷണ ഏജൻസിക്ക് പ്രതികൾക്കെതിരെ തെളിവുകൾ ഹാജരാക്കി, കോടതിയെ ബോധ്യപ്പെടുത്തി ശിക്ഷ വാങ്ങിക്കൊടുക്കാനായത്. യു.എ.പി.എ അനുഭവവും വ്യത്യസ്തമല്ല. കരിനിയമങ്ങൾ വ്യാപകമായി ദുരുപയോഗപ്പെടുത്തപ്പെടുന്നു എന്നതിന് ഇതിനപ്പുറം എന്ത് തെളിവു വേണം? വേണ്ടത്ര തെളിവുകൂടാതെ ആരേയും അറസ്റ്റുചെയ്യാനും വിചാരണ കൂടാതെയൊ വിചാരണത്തടവുകാരനായൊ ദീർഘകാലം തുറുങ്കിലടയ്ക്കാനും കഴിയുന്നുവെന്നതാണ് ഇത്തരം നിയമങ്ങൾ അധികൃതർക്ക് പ്രിയങ്കരമാക്കുന്നത്.

കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലത്ത് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ജനങ്ങൾ സ്വയം സംഘടിച്ച് തങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്ന പദ്ധതികളെ എതിർത്തു തോല്പിച്ചിട്ടുണ്ട്. കാസർകോട്ടെ എൻഡോസൾഫാൻ വിതറൽ, പ്ലാച്ചിമടയിലെ കോളാ കമ്പനികളുടെ ജലചൂഷണം, വിളപ്പിൽശാലയിലെ അശാസ്ത്രീയമായ മാലിന്യസംസ്കരണം എന്നിവ ഉപേക്ഷിക്കപ്പെട്ടത് ജനകീയ സമരങ്ങളുടെ ഫലമായാണ്. ഇനിയും വിജയപഥത്തിലെത്തിയിട്ടില്ലാത്ത സമരങ്ങളുമുണ്ട്. നിറ്റാ ജലാറ്റിൻ കമ്പനി നടത്തുന്ന മലിനീകരണം, സ്ഥലവാസികളുടെ താല്പര്യങ്ങൾ കണക്കാക്കാതെയുള്ള ദേശീയ പാതാ വികസനം എന്നി

# 2014 ഫെബ്രുവരി 1ന് തൃശൂരിൽ വച്ച് നടന്ന ജനവിരുദ്ധ ഭരണകൂടനയങ്ങൾക്കും പോലീസ്‌രാജിനും എതിരായ ജനാധിപത്യ അവകാശ കൺവെൻഷനിൽ അവതരിപ്പിച്ച കരട് നയരേഖ

സാമൂഹികനീതിക്കായി നടക്കുന്ന ജനകീയസമരങ്ങൾക്ക് നേരെയുള്ള ഭരണകൂടത്തിന്റെ അധികാരപ്രയോഗങ്ങൾ അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി-വിഭവ സംരക്ഷണത്തിനും ജനാധിപത്യഅവകാശങ്ങൾക്കും വേണ്ടി ഉയർന്നുവരുന്ന ദുരിതബാധിതരുടെ മുന്നേറ്റങ്ങളെല്ലാം കോർപ്പറേറ്റുകളുടെയും ഭരണവർഗ്ഗ രാഷ്ട്രീയ പാർട്ടികളുടെയും സാമ്പത്തിക താത്പര്യങ്ങൾക്ക് വിഘാതമായി മാറിയിരിക്കുന്നു എന്നതും സമരങ്ങൾക്കും സാമൂഹിക പ്രവർത്തകർക്കും നേരെയുള്ള പോലീസ്‌രാജ് കൂടുന്നതിന് കാരണമായിത്തീർന്നിട്ടുണ്ട്. ലാത്തിചാർജ്ജും കള്ളക്കേസിൽ കുടുക്കലും കേസ് കെട്ടിച്ചമയ്ക്കലും അറസ്റ്റും നിരന്തരമുള്ള ചോദ്യം ചെയ്യലും തെറ്റായ വാർത്തകൾ പ്രചരിപ്പിക്കലും പരിപാടികൾക്ക് അനുമതി നിഷേധിക്കലും രാജ്യദ്രോഹത്തിന്റെ ലേബൽ പതിക്കലുമൊക്കെയായി അതിരൂക്ഷമാം വിധമുള്ള പോലീസ് നടപടികളെ മിക്ക ജനകീയ സമരങ്ങളും ഇന്ന് നേരിടുന്നുണ്ട്. സാർവ്വത്രികമായ മനുഷ്യാവകാശതത്വങ്ങളെയും ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളെയും ലംഘിക്കുന്ന തരത്തിലുള്ള അധികാരപ്രയോഗങ്ങളിലൂടെ സർക്കാർനയങ്ങളെ വിമർശിക്കുന്ന ജനാധിപത്യ പ്രക്ഷോഭങ്ങളെ നേരിടുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്രാപിക്കുന്നു. സൈനീകശേഷി വർദ്ധിപ്പിച്ചും പോലീസിനെയും രഹസ്യാമ്പേഷണ വിഭാഗത്തെയും സ്ഥാപിത താത്പര്യങ്ങൾക്കായി വിനിയോഗിച്ചും കരിനിയമങ്ങൾ പ്രയോഗിച്ചും വിമത ശബ്ദങ്ങളെ നിശബ്ദമാക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കിയിരിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ഒട്ടേറെ സമരപ്രക്രിയകളുടെ ഫലമായി രൂപംകൊണ്ട ജനോപകാരനിയമങ്ങളെ മൂലധന താത്പര്യങ്ങൾക്കായി പൊളിച്ചെഴുതുന്നതിനും വ്യാപകമായ ശ്രമം തുടങ്ങിയിരിക്കുകയാണ്. ഇതിന്റെയെല്ലാം പ്രതിഫലനങ്ങൾ പ്രകടമായ രൂപ

വ ഇക്കൂട്ടത്തിൽപ്പെടുന്നു. ജനകീയസമരങ്ങളെ പിന്തുണക്കുകയും അവയ്ക്ക് അനുകൂലമായി പൊതുജനാഭിപ്രായം സ്വരൂപിക്കുകയും ചെയ്യുന്ന സംഘടനകളെയും മനുഷ്യാവകാശ പ്രവർത്തകരെയും തകർക്കാൻ അധികൃതർ ഇപ്പോൾ ബോധപൂർവം ശ്രമിക്കുകയാണ്. കേരളീയം മാസികയിലെ റെയ്ഡും അഡ്വ. തുഷാർ നിർമൽ സാരഥി, ജെയ്സൺ സി. കൂപ്പർ എന്നിവരുടെ അറസ്റ്റും സമാധാനപരമായും ഉത്തരവാദിത്വബോധത്തോടെയും പ്രവർത്തിക്കുന്ന ആക്ടിവിസ്റ്റുകളെ മാവോയിസ്റ്റുകളെന്നു മുദ്രകുത്തി അമർച്ച ചെയ്യാൻ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണ്.

ഭരണകൂടങ്ങൾക്ക് ജനങ്ങളുടെ സ്വാതന്ത്ര്യങ്ങൾ എളുപ്പത്തിൽ ഇല്ലാതാക്കാൻ കഴിയുന്ന സാഹചര്യം നാം തിരിച്ചറിയണം. ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളായ സമത്വം, സാഹോദര്യം, മതനിരപേക്ഷത എന്നിവ ഉൾക്കൊണ്ടിട്ടില്ലാത്ത ശക്തികൾക്കും നമ്മുടെ വ്യവസ്ഥ അനുവദിക്കുന്ന ജനാധിപത്യ സ്വാതന്ത്ര്യങ്ങൾ ഉപയോഗിച്ച് അധികാരത്തിലേറാൻ കഴിയും. കൊളോണിയൽ-ഫ്യൂഡൽ കാലത്ത് രൂപീകൃതമായ പൊലീസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അടങ്ങുന്നതാണ് നമ്മുടെ ഭരണസംവിധാനം. ഈ സാഹചര്യത്തിൽ ജനാധിപത്യം ഉറപ്പാക്കാൻ ജനങ്ങൾ ജാഗ്രത പാലിച്ചേ മതിയാകൂ. നമ്മുടെ ഭരണഘടന തയ്യാറാക്കിയ സഭ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുത്തതായിരുന്നില്ല. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് പരിമിതമായ വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക നിയമസഭകൾ തെരഞ്ഞെടുത്തവരായിരുന്നു ആ സഭയിലെ അംഗങ്ങൾ. പല നാട്ടുരാജ്യങ്ങളെയും പ്രതിനിധീകരിച്ചത് രാജാക്കന്മാർ നാമനിർദ്ദേശം ചെയ്തവരായിരുന്നു. പക്ഷെ അവരെല്ലാം തങ്ങൾ മുഴുവൻ ജനങ്ങളുടെയും പ്രതിനിധികളാണെന്ന് കരുതുകയും നാം, ഇന്ത്യയുടെ ജനങ്ങൾ, ആണ് ഭരണഘടനയുടെ സ്രഷ്ടാക്കൾ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഭരണഘടനയെ ആ സഭ സർക്കാരിനെയൊ, പാർലമെന്റിനെയൊ സുപ്രീം കോടതിയെയൊ ഏല്പിച്ചില്ല. നാം ജനങ്ങൾ ഭരണഘടന നമുക്കു തന്നെ നൽകുന്നു എന്നാണ് ആമുഖത്തിൽ പറയുന്നത്. അതായത് ജനങ്ങൾ ഭരണഘടനയുടെ സ്രഷ്ടാക്കൾ മാത്രമല്ല, സൂക്ഷിപ്പുകാർ കൂടിയാണ്. അത് പോരൽ കൂടാതെ കാത്തുസൂക്ഷിക്കാനുള്ള കടമ ജനങ്ങളുടേതാണ്, ജനങ്ങളുടേത് മാത്രം. ■

ത്തിൽ ദൃശ്യമാകുന്ന സമകാലിക ഇന്ത്യൻ സാഹചര്യം അടിയന്തരമായ ഇടപെടൽ സിവിൽ സമൂഹത്തിൽ നിന്നും ആവശ്യപ്പെടുന്നുണ്ട്.

കമ്പോള സമ്പദ്‌വ്യവസ്ഥയേയും ജനാധിപത്യത്തേയും ഒരുമിച്ച് സേവിക്കുന്നതിലെ പ്രകടമായ വൈരുദ്ധ്യങ്ങൾ പല കോണുകളിൽ നിന്നും ഉയർന്നു വരുകയാണ്. പരിമിതമായ വിഭവങ്ങളെ ആശ്രയിക്കുന്ന അപരിമിതമായ വളർച്ച സഹജമായിത്തന്നെ ജനാധിപത്യവിരുദ്ധവും യുദ്ധസമാനവുമായിരിക്കും എന്നതിന്റെ പ്രത്യക്ഷ രൂപങ്ങളിലേക്ക് ഇന്ത്യ എത്തിയിരിക്കുകയാണ്. എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ട വിഭവങ്ങളെ കേന്ദ്രീകൃത നിയന്ത്രണത്തിലേക്ക് കൊണ്ടുവന്ന് ഭരിക്കുന്ന ഒരു സ്ഥാപനത്തിന്റെ ജനാധിപത്യ വിരുദ്ധത ആധുനിക ദേശരാഷ്ട്രങ്ങളിലെല്ലാം സഹജമാണെന്നതുകൊണ്ടുതന്നെ ആഗോളവിപണിയുടെ സ്വതന്ത്രവ്യവഹാരത്തിന് തടസ്സം നിൽക്കുന്നവരെല്ലാം ലോകവ്യാപകമായി പലവിധ ബലപ്രയോഗങ്ങൾക്ക് വിധേയമാക്കപ്പെടുന്നുണ്ട്. ആഗോളമായിത്തന്നെ ശക്തമായിരിക്കുന്ന അത്തരമൊരു പോലീസിംഗിന്റെ തുടർച്ചകൾ ഇന്ത്യയിലും പ്രകടമാവുകയാണ്. ദേശീയതാത്പര്യങ്ങളുടെ പേരിലുള്ള ഏകപക്ഷീയവും കേന്ദ്രീകൃതവുമായ അടിച്ചേൽപ്പിക്കലുകളെ വികേന്ദ്രീകൃതമായി പ്രതിരോധിക്കേണ്ടത് ജനാധിപത്യവത്കരണ പ്രക്രിയയുടെ അനിവാര്യതയായിത്തീർന്നിരിക്കുന്നു. മുതലാളിത്ത-മതസരാധിഷ്ടിത വ്യവസ്ഥിതി സൃഷ്ടിച്ചിരിക്കുന്ന അപരവത്കരണം കൊണ്ടുതന്നെ ഹിംസാത്മകമായി മാറിയിരിക്കുന്ന നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ആകെത്തുകയായ ഭരണകൂടത്തോടുള്ള പ്രതിഷേധം, അതുകൊണ്ടുതന്നെ സ്വയം നവീകരണാത്മകം കൂടിയാകേണ്ടതുണ്ട്. എല്ലാ അർത്ഥത്തിലും ഭരണകൂടത്തിന്റെ ഏകപക്ഷീയ യുക്തിയെ ദുർബലപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സംഭവിക്കേണ്ടതുണ്ട്. അത്തരം ഇടപെടലുകൾക്ക് മുൻകൈയെടുത്തിരിക്കുന്ന ജനകീയ പ്രസ്ഥാനങ്ങളെയെല്ലാം ബലപ്രയോഗത്താൽ നേരിട്ട്, സ്ഥാപിത താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് ജനായത്ത സർക്കാറുകൾ ശ്രമിക്കുന്നത്. ജനവിരുദ്ധ നയങ്ങളും പോലീസ്‌രാജുമെല്ലാം അതിനാൽത്തന്നെ അവരുടെ നിലനിൽപ്പിന്റെ അനിവാര്യതയായി മാറിയിരിക്കുന്നു.

ജനാധികാരത്തെ ശക്തിപ്പെടുത്തി ജനാധിപത്യ ഭരണവ്യവസ്ഥയെ പരിഷ്കരിക്കുന്നതിനായി കാലങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുന്ന ജനകീയ സമരങ്ങളുടെ കൂട്ടായ്മകളെ മാവോയിസ്റ്റ് ഗ്രൂപ്പുകൾ ഇപ്പോൾ നടത്തുന്ന ഏകപക്ഷീയ അക്രമസമരങ്ങൾ പ്രതിസന്ധിയിലാഴ്ത്തുന്നുണ്ട്. ഭരണഘടനയേയും നിയമവ്യവസ്ഥയേയും അംഗീകരിച്ചുകൊണ്ട്, അവയെ അനുസ്യൂതം മനുഷ്യോന്മുഖമാക്കുന്നതിനുള്ള അഹിംസാത്മക സമരങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സിവിൽ സമൂഹപ്രസ്ഥാനങ്ങൾ അതിനാൽത്തന്നെ മാവോയിസ്റ്റ് സംഘടനകളുടെ സമരങ്ങളോട് വിയോജിപ്പ് രേഖപ്പെടുത്തേണ്ട സാഹചര്യം നിലനിൽക്കുന്നു.

വസ്തുനിഷ്ഠവും പ്രായോഗികവുമായ രൂപഭാവങ്ങളുള്ള ഒരു സജീവ സാമൂഹിക പ്രക്രിയയാണ് ജനാധിപത്യം. ആദിമമനുഷ്യ കൂട്ടായ്മകളിൽ നിന്നും ആരംഭിച്ച വ്യക്തികളുടെ അഭിപ്രായ പ്രകടനവും അവയുടെ സാമൂഹികകേന്ദ്രീകരണവും ഉൾക്കൊള്ളുന്ന സാമൂഹിക പ്രക്രിയ തന്നെയാണ് ഇന്നത്തെ പാർലമെന്ററി ജനാധിപത്യത്തിലും ഐക്യരാഷ്ട്ര സഭയിലും വരെ എത്തിനിൽക്കുന്ന ജനാധിപത്യം. വലുപ്പം, സങ്കീർണ്ണത, ചലനാത്മകത എന്നിവകൊണ്ട് ലോകനിലവാരത്തിൽ തന്നെ ശ്രദ്ധേയമായ ഇന്ത്യൻ ജനാധിപത്യം ആന്തരികവും ബാഹ്യവുമായ അനവധി വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. ഈ വെല്ലുവിളികളെ നേരിടാൻ സഹായിക്കുകയും ഇന്ത്യൻ മതേതര ജനാധിപത്യ വ്യവസ്ഥയെ പുതിയ തലങ്ങളിലേക്ക് ഉയർത്താൻ ശ്രമിക്കുകയുമാണ് ജനാധിപത്യവാദികളുടെ കടമ. മതാധിഷ്ഠിത ഫാസിസം, മാവോയിസം, ജനാധിപത്യത്തെ ഉൾക്കൊള്ളാത്ത മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തുടങ്ങിയവർ ഇന്ത്യൻ മതേതര ജനാധിപത്യത്തിന് വെല്ലുവിളി ഉയർത്തുന്നുണ്ട്. മതേതര ജനാധിപത്യത്തോട് പ്രതിബദ്ധതയുള്ള ജനാധിപത്യവിശ്വാസികളുടെ കൂട്ടായ്മകൾ എല്ലാവിധ ജനാധിപത്യവിരുദ്ധതകൾക്കെതിരെയും ഉയർന്നുവരേണ്ടതുണ്ട്.

മാവോയിസം അടക്കമുള്ള വിമത-സായുധ പ്രസ്ഥാനങ്ങളെ നേരിടുന്നതിൽ ഭരണഘടന ഉറപ്പുനൽകുന്ന മനുഷ്യാവകാശങ്ങളെയും നിയമവ്യവസ്ഥയെയും അതിലംഘിക്കുന്നതരത്തിലുള്ള ഇടപെടലുകളാണ് ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും നിരന്തരം ഉണ്ടാകുന്നുന്നത്. അത് തടയുന്നതിനുള്ള സാമൂഹിക ഉത്തരവാദിത്തം ജനാധിപത്യവ്യവസ്ഥയിൽ വിശ്വസിക്കുന്ന എല്ലാവർക്കുമുണ്ട്. നിയമവിധേയമായി മാത്രം പ്രവർത്തിക്കാനുള്ള ബാധ്യത മാത്രമേ പോലീസിന് ഇക്കാര്യത്തിലുള്ളൂ. കൊളോണിയൽ ഭരണകൂടം ജനങ്ങളോട് സ്വീകരിച്ചിരുന്ന അതേ അധീശ സമീപനം തുടരുന്നത് ഒരു ജനാധിപത്യ രാജ്യത്തിന് ഒട്ടും അഭികാമ്യമല്ല. ജനാധിപത്യവാദികൾ ജനാധിപത്യപാതയിൽ അടിയുറച്ചുകൊണ്ട് പൊരുതിയാൽ മാത്രമേ ഭരണകൂടശക്തികളുടെ അക്രമങ്ങളെ ഫലപ്രദമായി തുറന്നുകാട്ടാനും നിയന്ത്രിക്കാനും കഴിയൂ.

**(ജനാധിപത്യ അവകാശ കൺവെൻഷനിൽ അവതരിപ്പിക്കപ്പെട്ട ഈ കരട് പ്രമേയം വിശദമായ സംവാദങ്ങൾക്കായി പൊതുസമൂഹത്തിന് മുന്നിൽ വയ്ക്കുകയാണ്. നിങ്ങളുടെ യോജിപ്പുകളും വിയോജിപ്പുകളും അറിയിച്ചുകൊണ്ട് ഇത് വികസിപ്പിക്കാൻ എല്ലാവരുടെയും പിന്തുണകൾ പ്രതീക്ഷിക്കുന്നു).** ■